ശ്രീ. ഇ. കെ. നായനാർ:—ആലോചിക്കേണ്ടതാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്.

മി. സ്പീക്കർ:—ഇത് വളരെ ഗൗരവമുള്ള പ്രശ്നം തന്നെയാണ്.

ശ്രീ. ടി. എം. ജേക്കബ്:—അങ്ങയെക്കാൾ കൂടുതൽ ഗൗരവത്തോടുകൂടി തന്നെ ഈ പ്രശ്നം എടുത്തു. ഇവിടെ ശ്രീ. വി. സി. കബീർ ഇന്ന് സബ്മിഷൻ എഴുതിത്തന്നു. അതിനുമുമ്പ് മാതൃഭൂമി പത്രവാർത്ത കിട്ടിയ ഉടനെ ഈ കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തു. അതിന്റെ അടിസ്ഥാനത്തിലാണ് ഡെപ്യൂട്ടി ഡയറക്ടർ അവിടെ പോയി അന്വേഷിച്ചത്. അദ്ദേഹത്തിന്റെ അന്വേഷണ റിപ്പോർട്ട് ഇവിടെ കിട്ടുന്നുണ്ട്. ഇന്ന് വേറൊരു ഉയർന്ന ഉദ്യോഗസ്ഥനെ അയയ്ക്കാനാണ് തീരുമാനിച്ചത്. ഞാൻ ആലോചിക്കണമെന്ന് പറഞ്ഞത് നിയമപരമായി നടപടികളും സ്വീകരിക്കുന്നത് എങ്ങനെ ചെയ്യണമെന്നുള്ള കാര്യത്തെക്കുറിച്ചാണ്. നടപടി സ്വീകരിക്കണമെന്നുള്ള കാര്യത്തിൽ തർക്കമൊന്നുമില്ല. ശക്തമായിട്ടുള്ള നടപടികളും സ്വീകരിക്കുക തന്നെ ചെയ്യും.

ശ്രീ. എ. സി. ഷൺമുഖദാസ്:—പ്രശ്നം നീട്ടിക്കൊണ്ടുപോകരുത്. ഒരു കോളേജ് പ്രൊഫസറാണ് നേതൃത്വം കൊടുക്കുന്നത്. ഗൗരവത്തിലെടുക്കണം.

ശ്രീ. ടി. എം. ജേക്കബ്:—ഗവൺമെൻറ് വളരെ ഗൗരവമായിതന്നെ ഈ പ്രശ്നം എടുത്തിട്ടുണ്ട്, ഗൗരവമായിട്ടുതന്നെ നടപടി സ്വീകരിക്കും.

(2) കല്ലായിയിലെ മരവ്യവസായ തകർച്ച

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:—സർ, കോഴിക്കോട് കല്ലായിയിലെ മരവ്യവസായശാല ലോകത്തിലെതന്നെ രണ്ടാമത്തെ മരവ്യവസായശാലയായിരുന്നു. കല്ലായി, പള്ളിക്കണ്ടി, മാങ്കാവ്, പുതിയപാലം, മൂരിയാട്, പുതിയറ എന്നിവിടങ്ങളിലായി നൂറോളം ഫാക്ടറികളും അവിടെ പ്രവർത്തിച്ചിരുന്നു. ഏറ്റവും നൂതനമായ ഒരു പ്ലൈവുഡ് ഫാക്ടറിയും മുമ്പ് നിലവിലുണ്ടായിരുന്നു. ഒരുകാലത്ത് ഏകദേശം പതിനായിരത്തിൽപരം തൊഴിലാളികളും പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഇപ്പോൾ 5,000 തൊഴിലാളികളും മാത്രമാണ് പണിയെടുക്കുന്നത്. ഈ വ്യവസായമേഖലയിൽ ഇന്ന് ചുരുങ്ങിയ ദിവസം മാത്രമേ വ്യവസായം നടക്കുന്നുള്ളൂ. ഈ വ്യവസായശാല പുനരുദ്ധരിക്കുന്നതിനുവേണ്ടി കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ശ്രീ. റ്റി. മാധവമേനോൻ ചെയർമാനായ ഒരു കമ്മിറ്റിയെ ഗവൺമെൻറ് നിയമിച്ചിരുന്നു. ഇത് പുനരുദ്ധരിക്കുന്നതിന് ഗവൺമെൻറിന്റെ മുമ്പിൽ വിവിധ തൊഴിലാളി യൂണിയനുകളും പല മെമ്മോറാണ്ടങ്ങളും സമർപ്പിച്ചിരുന്നു. 5-6-1985-ന് വനംവകുപ്പുമന്ത്രിക്കും 6-6-1985-ൽ വ്യവസായവകുപ്പുമന്ത്രിക്കും എല്ലാ വിഭാഗം തൊഴിലാളിയൂണിയനും കൂടി ഒരു മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഇപ്പോൾ ഇലക്ട്രിസിറ്റിയുടെ വയറിങ്ങ് മാറ്റി പുതിയ വയറിങ്ങ് നടത്താം എന്ന നിർദ്ദേശങ്ങളും ഇലക്ട്രിസിറ്റി വിഭാഗത്തിൽ നിന്നും വന്നതിന്റെ ഫലമായി പല ഫാക്ടറികളും പൂട്ടിക്കിടക്കുകയാണ്. കല്ലായി മരം വ്യവസായ ശാലക്ക് പുറം രാജ്യങ്ങളിൽ നിന്നും ഇന്ത്യക്കകത്തു നിന്നും വമ്പിച്ച ഡിമാൻറുകളും ഉള്ള പരിതസ്ഥിതിയിൽ ഇത് പുനരുദ്ധരിക്കാൻ തൊഴിലാളി യൂണിയനുകളും വച്ച ആറോളം നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ഏറ്റവും വേഗം ഇത് പുനരുദ്ധരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇതിൽ വ്യവസായവകുപ്പിനു ഒരു

LIBRARY ARCHIVES Kerala Legislative Assembly

നയം, വനം വകുപ്പിന് വേറൊരു നയം. ഇത് രണ്ടും കൂടി കൂട്ടിയോജിപ്പിച്ചു കൊണ്ട് ഒരു പൊതു നയത്തിൽ എത്തിയാൽ മാത്രമേ അവിടെയുള്ള ഈ വ്യവസായശാല പുനരുദ്ധരിക്കാൻ കഴിയുകയുള്ളു. വളർച്ച മുറ്റിയതും നശിച്ചുപോകാനിടയുള്ളതുമായ മരങ്ങൾ സെലക്ട് ചെയ്ത് മുറിക്കാനുള്ള സൗകര്യം കൊടുക്കണം. നാലടിയിൽ കൂടുതൽ വണ്ണമുള്ള മരം മുറിക്കാൻ അനുവദിക്കുക, മുറിക്കുന്നതനുസരിച്ച് വച്ച് പിടിപ്പിക്കുക ഇത്തരത്തിലുള്ള നിർദ്ദേശങ്ങളാണ് യൂണിയനുകൾ കൂട്ടായി വച്ചിട്ടുള്ളത്. അവിടെ ശ്മശാനതുല്യമായി നിൽക്കുന്ന മരവ്യവസായ ഫാക്ടറികൾ പുനരുദ്ധരിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് വേഗമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. അഹമ്മദ്:—സർ, ബഹുമാനപ്പെട്ട മെമ്പർ പല സ്വാഗതാർഹമായ നിർദ്ദേശങ്ങളും ഉന്നയിച്ചു എന്നുള്ളത് ശരിയാണ്. പക്ഷേ കേന്ദ്രഗവൺമെന്റിന്റെ നിയമവും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് കൈക്കൊണ്ട നടപടികളും ചില തടസ്സങ്ങളുണ്ടാക്കിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഇപ്പോൾ കല്ലായി പ്രദേശത്ത് നൂറിൽപരം അറക്കമില്ലുകൾ അല്ലെങ്കിൽ ഈർച്ചമില്ലുകൾ എന്നറിയപ്പെടുന്ന സാമില്ലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. 50-ൽ പരം ചെറുകിട യൂണിറ്റുകളിലായി മൂവായിരത്തോളം തൊഴിലാളികൾ നേരിട്ടും അയ്യായിരത്തോളം തൊഴിലാളികൾ പരോക്ഷമായും ഈ വ്യവസായത്തിൽ പണിയെടുക്കുന്നു. ഒരു ദിവസത്തെ ആവശ്യത്തിന് വേണ്ട മരം 1100 ക്യൂബിക് മീറ്റർ ആയി കണക്കാക്കിയിട്ടുണ്ട്. എന്നാൽ ആവശ്യാനുസരണം തടി ലഭിക്കാത്തതിനാൽ ഒരാഴ്ചയിൽ കൂടുതൽ ഒരു മാസം പണി ഇപ്പോൾ ലഭിക്കുന്നില്ല എന്നുള്ളതും സത്യമാണ്. ഇപ്പോൾ പൊതു വിപണിയിൽ നിന്നുമാണ് മരം പരിമിതമായി ലഭിക്കുന്നത്. ഈ കാര്യങ്ങളെല്ലാം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. മുഖ്യ വനപാലകൻ ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തുന്നതായിട്ടാണ് മനസിലാക്കുന്നത്. മുഖ്യവനപാലകന്റെ വിവരത്തിൽ നിന്നും അതാണ് ലഭിച്ചിട്ടുള്ളത്. മുഖ്യവനപാലകനും വ്യവസായ വകുപ്പിന്റെ കമ്മീഷണറും മറ്റു ബന്ധപ്പെട്ടവരും ഇതു സംബന്ധിച്ച് ചർച്ച ചെയ്ത് നടപടികളെടുക്കുന്നതാണെന്നു മാത്രമേ ഞാൻ അറിയിക്കുന്നുള്ളു.

(3) മാവേലിക്കര ജംസ് ആശുപത്രിയിലെ തൊഴിലാളികളുടെ പിരിച്ചുവിടൽ

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:—സർ, മാവേലിക്കര ജംസ് ഹോസ്പിറ്റൽ എന്നു പറയുന്ന ഒരു സ്വകാര്യ ആശുപത്രിയിൽ കഴിഞ്ഞ ആറുമാസമായി അവിടത്തെ ഒരു വലിയ കൂട്ടം തൊഴിലാളികളെ പിരിച്ചുവിട്ടിരിക്കുകയാണ്. അവരെ പിരിച്ചുവിടാനുണ്ടായ കാരണം അവർ സംഘടനയിൽ അംഗങ്ങളായി എന്നുള്ളതും മിനിമം വേജസ് ആവശ്യപ്പെട്ടതുമാണ്. ഈ കാര്യത്തെ സംബന്ധിച്ച് പല തരത്തിൽ കൂടിയാലോചനകൾ നടത്താൻ അവരുടെ യൂണിയനുകൾ ശ്രമിച്ചിട്ട് അതിനൊന്നും വഴങ്ങാതെ ലേബർ ഡിപ്പാർട്ടുമെന്റ് ഏതാണ്ട് ഇരുപതോളം കോൺഫറൻസുകൾ പലപ്പോഴായി വിളിച്ചുകൂട്ടിയിട്ട് രണ്ട് കോൺഫറൻസിൽ മാത്രമാണ് മാനേജുമെന്റ് പങ്കെടുത്തത്. അവർ പറയുന്ന ഒരു ന്യായം ഞങ്ങളുടെ സ്ഥാപനത്തിൽ പണിയെടുക്കുന്നവരെ ഞങ്ങൾക്ക് പിരിച്ചുവിടാൻ അവകാശമുണ്ട് എന്നാണ്. മിനിമം വേജസ് ചോദിക്കാൻ നിങ്ങൾക്ക് അവകാശമില്ല എന്ന മുട്ടാത്തർക്കമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ലേബർ ഡിപ്പാർട്ടുമെന്റ് അടിയന്തിരമായി ഇടപെട്ട് കോൺഫറൻസ് വിളിച്ചുകൂട്ടി ആ പ്രശ്നം പരിഹരിക്കാൻ നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly